**കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ബിന്ദു ജോൺ)**

വിഷയം: കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് - രസീത് ബുക്കുകളിൽ ക്രമക്കേട് പരിശോധന നടത്തുന്നത് - സംബന്ധിച്ച്

പരാമർശം: കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30.09.2019-ലെ എ 9-7251/19 നമ്പർ കത്ത്

**ഉത്തരവ് നമ്പർ: പിഎ 3-991/17 തീയതി 01.10.2019**

കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. ശ്രീനാഥ് എസ്-ന് 2018/19 സാമ്പത്തിക വർഷത്തിലെ കെട്ടിട നികുതി ഔട്ട് ഡോർ പിരിവുമായി ബന്ധപ്പെട്ട് നൽകിയ രസീത് ബുക്കിൽ ക്രമക്കേട് നടന്നിട്ടുള്ളതായി പരാമർശ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുള്ളതാകുന്നു. ടി സാഹചര്യത്തിൽ ടിയാൻ കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതു മുതലുള്ള രസീത് ബുക്ക്, സഞ്ചയ സാംഖ്യ എന്നിവ സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളെ നിയമിച്ച് ഉത്തരവാകുന്നു. 03.10.2019 (വ്യാഴം) രാവിലെ 10.00-ന് കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നേരിട്ട് പരിശോധന നടത്തി പരിശോധന റിപ്പോർട്ട് ടീം ലീഡർ 09.10.2019-ന് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | ശ്രീ. ജയ്ജീവ് എം.എൻ | സീനിയർ സൂപ്രണ്ട്, യൂണിറ്റ്-5 (ടീം ലീഡർ) |
| 2 | ശ്രീമതി. രേഖ എം.കെ | സെക്രട്ടറി, പാറത്തോട് ഗ്രാമ പഞ്ചായത്ത് |
| 3 | ശ്രീ. ബിജോ പി. ജോസഫ് | ജൂനിയർ സൂപ്രണ്ട് പി.എ.യു-2 |
| 4 | ശ്രീമതി. ചന്ദ്രിക | ജൂനിയർ സൂപ്രണ്ട് പി.എയു-5 |
| 5 | ശ്രീ രാജേഷ് | അക്കൗണ്ടന്റ്, വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് |
| 6 | ശ്രീ. ഷാനവാസ് | ഹെഡ് ക്ലാർക്ക്, മണിമല ഗ്രാമ പഞ്ചായത്ത് |
| 7 | ശ്രീമതി രമ്യ വി.ആർ | AITE, PAU-II |
| 8 | ചിത്ര ചന്ദ്രൻ | കാഞ്ഞിരപ്പള്ളി ബ്ലോക്ക് TA, KM |

(ഒപ്പ്)
ബിന്ദു ജോൺ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
(പൂർണ്ണ അധികചുമതല)

പകർപ്പ്:

1. അംഗങ്ങൾക്ക്
2. സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് (ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിന്, രേഖകൾ പകർപ്പുകൾ തയ്യാറാക്കി വയ്ക്കുന്നതിനും)
3. അക്കൗണ്ടന്റ്, കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത്
4. സെക്രട്ടറി, വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് (ശ്രീ. രാജേഷ് അക്കൗണ്ടന്റിനെ വിടുതൽ ചെയ്യുന്നതിന്)
5. സെക്രട്ടറി, മണിമല ഗ്രാമ പഞ്ചായത്ത് (ശ്രീ. ഷാനവാസ്, ഹെഡ് ക്ലാർക്ക്-നെ വിടുതൽ ചെയ്യുന്നതിന്)
6. സീനിയർ സൂപ്രണ്ട് പി.എ.യു-2. (AITE യെ വിടുതൽ ചെയ്യുന്നതിന്)

ഉത്തരവിൻ പ്രകാരം

Beela

സൂപ്രണ്ട്

എ.ടി